# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നം. 70 13.6.2012-ൽ മറുപടിയ്ക്ക്

## ജലനിധി രണ്ടാം ഘട്ടം

**ചോദ്യം**

ശ്രീ. കെ. ശിവദാസൻ നായർ
ശ്രീ. ബെന്നി ബെഹനാൻ
ശ്രീ. വി.റ്റി. ബൽറാം
ശ്രീ. വർക്കല കഹാർ

എ ജലനിധിയുടെ 2-ാം ഘട്ട പദ്ധതിയ്ക്കായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ;

ബി ഇത് എത്ര പഞ്ചായത്തുകളിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ട്;

സി ഇത് എല്ലാ പഞ്ചായത്തുകളിലും നടപ്പിലാക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

**മറുപടി**

ശ്രീ. പി.ജെ ജോസഫ്
ജലവിഭവ വകുപ്പുമന്ത്രി

എ ബി & സി 1022 കോടി രൂപ അടങ്കലിൽ 8 ജില്ലകളിലായി 200-ഓളം ഗ്രാമപഞ്ചായത്തുകളിലെ ഉദ്ദേശം 11.50 ലക്ഷം ജനങ്ങൾക്ക് കുടിവെള്ളവും 7 ലക്ഷം ജനങ്ങൾക്ക് ശുചിത്വ സംവിധാനവും ലഭ്യമാക്കുന്ന ലോകബാങ്ക് സഹായത്തോടെയുള്ള ജലനിധിയുടെ രണ്ടാംഘട്ട പദ്ധതി പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഇതിനകം ട്രൈബൽ മേഖലകൾ കൂടി ഉൾ പ്പെടുന്ന 43-ഓളം പഞ്ചായത്തുകളിൽ പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചു കഴിഞ്ഞു. 142 പഞ്ചായത്തുകളെ തെരഞ്ഞെടുക്കുന്നതിലേയ്ക്കുള്ള നടപടികൾ പൂർത്തിയായി വരുന്നു. പദ്ധതി നടപ്പിലാക്കുന്ന സഹായ സംഘടനകളെ തെരഞ്ഞെടുക്കുന്ന പ്രക്രിയയും പുരോഗതിയിലാണ്.

സെക്ഷൻ ഓഫീസർ